# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം:നം.260** **19.06.2014 ലെ മറുപടിയ്ക്ക്**

## ഹരിതനിർമ്മാണനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എം.എ.വാഹിദ് | (ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്)<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ട്. 07.03.2013 ലെ സ.ഉ.(എം.എസ്) നം. 28/2013/പൊ.മ.വ പ്രകാരം 'ഹരിത നിർമ്മാണ നയം ' അംഗീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>വർദ്ധിച്ചു വരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുള്ളത്.<br>പ്രധാനമായും, കെട്ടിടങ്ങളിലെ ഊർജ്ജ ഉപഭോഗവും ജല ഉപഭോഗവും കുറയ്ക്കുവാനുള്ള വ്യവസ്ഥകളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, പ്രധാനമായും സൗരോർജ്ജം പരമാവധി ഉപയോഗപ്പെടുത്തുവാൻ നയം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ മലിനജലം പരമാവധി പുനർചാക്രീകരണം മുഖേന ഉപയോഗ യോഗ്യമാക്കാനും വ്യവസ്ഥയുണ്ട്. കേരളത്തിൽ അതാത് സ്ഥലങ്ങളിൽ ലഭിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗപ്പെടുത്തിയും ജലത്തിന്റെ ഉപയോഗം ഫലപ്രദമായ രീതിയിൽ പരിമിതപ്പെടുത്തിയും ഭൂപ്രകൃതി അതിന്റെ തനതായ രീതിയിൽ സംരക്ഷിച്ചു കൊണ്ടും നിലവിലെ സസ്യജാലങ്ങൾ പരമാവധി നിലനിർത്തിയും മാലിന്യോത്പാദനം പരിമിതപ്പെടുത്തിയും അവ ഉറവിടത്തിൽ തന്നെ സംസ്കരണം നടത്തിയുമുള്ള ഒരു നിർമ്മാണ രീതിയാണ് ഈ നയം മൂലം |

| | | |
|---|---|---|
| | | നടപ്പാക്കാനുദ്ദേശിക്കുന്നത്. മതിയായ കാറ്റും വെളിച്ചവും കിട്ടത്തക്ക വിധത്തിലുള്ള കെട്ടിടത്തിന്റെ രൂപ കൽപ്പനയും അതുവഴി ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കാനുമുള്ള വ്യവസ്ഥകളുമാണ് നയത്തിലുള്ളത്. |
| (ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | ഹരിത നിർമ്മാണ സാങ്കേതികവിദ്യ അനുവർത്തിക്കുന്നതിലൂടെ, പരമ്പരാഗത നിർമ്മിതികളെ അപേക്ഷിച്ച് 40% മുതൽ 60% വരെ വൈദ്യുതിയുടെ ഉപഭോഗവും, 40% മുതൽ 80% വരെ ജലോപഭോഗവും കുറയ്ക്കുവാൻ ലക്ഷ്യമിടുന്നു. സൗരോർജ്ജ പാനലുകൾ, മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ എന്നിവയിൽ നിന്ന് സ്വന്തമായി ഊർജ്ജോല്പാദനം നടത്തുന്നതു വഴി ഉപഭോഗ ചെലവ് കുറയ്ക്കുക, കാര്യക്ഷമമായ മാലിന്യ നിർമ്മാർജന രീതികൾ അവലംബിക്കുന്നത് വഴി പരിസര മലിനീകരണം പരമാവധി കുറയ്ക്കുക. നിർമ്മാണവേളയിലും ഉപഭോഗവേളയിലും അന്തരീക്ഷ, ജല, പരിസര മലിനീകരണം എന്നിവ കുറയ്ക്കുക, ആരോഗ്യരംഗത്തും ശുചീകരണരംഗത്തും തൊഴിലാളികളുടെയും വസിക്കുന്നവരുടെയും സുരക്ഷ പരമാവധി ഉറപ്പു വരുത്തുക എന്നിവയാണ് പ്രസ്തുത നിർമ്മാണ ശൈലിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പ്രസ്തുതനയം അനുവർത്തിക്കുന്നതു വഴി സർക്കാരിന്റെ കീഴിലുള്ള കെട്ടിടനിർമ്മാണ മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകുന്നതിനും, അതുവഴി ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിഛായ വർദ്ധിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു.<br>ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജന രീതികൾ അവലംബിക്കുന്നതു വഴിയും വിഭവങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതു വഴിയും അന്തരീക്ഷ, ജല മലിനീകരണങ്ങൾക്ക് ഒരു പരിധിവരെ തടയിടാനും, അതുവഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും ഹരിത നിർമ്മിതികൾ സഹായിക്കുന്നു. ഇതുവഴി പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കുവാൻ കഴിയുന്നതാണ്. ആരോഗ്യ രംഗത്തും സാമ്പത്തിക രംഗത്തും പ്രവർത്തന മേഖലയിലുമെല്ലാം ഈ നേട്ടങ്ങൾ പ്രതിഫലിക്കുന്നതാണ്. |
| (സി) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത | (സി) | ഹരിത നിർമ്മാണ സാങ്കേതികവിദ്യ അനുവർത്തിക്കുന്നതിലൂടെ, പരമ്പരാഗത നിർമ്മിതികളെ അപേക്ഷിച്ച് 40% മുതൽ 60% വരെ |

| | |
|---|---|
| നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | വൈദ്യുതിയുടെ ഉപഭോഗവും, 40% മുതൽ 80% വരെ ജലോപഭോഗവും കുറയ്ക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. നിലവിലെ ഭൂപ്രകൃതി പരമാവധി നിലനിർത്തിയും, വൃക്ഷങ്ങൾ, മണ്ണ്, നീരുറവ എന്നിവയെ പരമാവധി സംരക്ഷിച്ചുകൊണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നയം വ്യവസ്ഥ ചെയ്യുന്നുണ്ട്. റീസൈക്ലിംഗ് വഴി മറ്റാവശ്യങ്ങൾക്കുള്ള വെള്ളം സംഭരിക്കാനും, ഫലപ്രദമായ മാലിന്യ നിർമാർജ്ജന സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ഉറവിടത്തിൽത്തന്നെ മാലിന്യ സംസ്കരണം ഉറപ്പ വരുത്താനും, പരമാവധി സൂര്യപ്രകാശവും വായുസഞ്ചാരവും ലഭിക്കത്തക്ക തരത്തിലുള്ള രൂപ കല്പനാരീതി അവലംബിക്കുന്ന-തുമൂലം എയർകണ്ടീഷനിംഗ് മുതലായവയുടെ ഉപയോഗം പരിമിതപ്പെടുത്താനും, അങ്ങനെ ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കാനും കഴിയുന്നതാണ്. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപയോഗം കൂട്ടുന്നതിന്റെ ഭാഗമായി കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ (MNRE, ANERT) പരമാവധി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വൈദ്യുത വിളക്കുകൾ, ഇൻവെർട്ടറുകൾ, വാട്ടർ ഹീറ്ററുകൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതാണ്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) ഊർജ്ജ സംരക്ഷണ നിബന്ധനകൾ നടപ്പാക്കുക, ഇതുപ്രകാരം സ്റ്റാർ റേറ്റിംഗ് ഉള്ള ഉപകരണങ്ങൾ ഉപയോഗിച്ചും ഓക്കുപ്പൻസി സെൻസറുകൾ ഉപയോഗിച്ചും ഊർജ്ജക്ഷമമായ മോട്ടോറുകൾ, എ.സി.കൾ എന്നിവ ഉപയോഗിച്ചും ഊർജ്ജഉപഭോഗം കുറയ്ക്കാൻ കഴിയുന്നതാണ്. അതാത് സ്ഥലങ്ങളിൽ സുലഭമായി ലഭ്യമാകുന്ന നിർമ്മാണ വസ്തുക്കൾ പരമാവധി ഉപയോഗപ്പെടുത്തുക വഴി പരോക്ഷമായും ഊർജ്ജോപഭോഗം കുറയ്ക്കാൻ കഴിയും. |
| (ഡി) പ്രസ്തുത നയം നടപ്പാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപ കൽപ്പനകളും ഹരിത നിർമ്മാണ തത്ത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ആർക്കിടെക്ച്ചറൽ ഡിസൈനിൽ 41 പോയിന്റുകൾ ലഭ്യമാകുന്ന രീതിയിൽ ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് രൂപ കൽപ്പനകൾ. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ |

ഡിസൈൻ ഹരിത നിർമ്മാണ തത്ത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഈ സാങ്കേതിക വിദ്യയിൽ അവഗാഹം നേടുവാനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ